**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ**
കെ.പി.എഫ്.സി. ഭവനം, സി.വി.രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം-10
ഫോൺ: (0471) 2735544, ഫാക്സ്: (0471) 2735599 ഇ-മെയിൽ:kserc@erckerala.org വെബ്സൈറ്റ്: www.erckerala.org

തിരുവനന്തപുരം **പത്രക്കുറിപ്പ്** 2011 മാർച്ച് 16

# വൈദ്യുതി സുരക്ഷാ നിക്ഷേപം ചട്ടവിരുദ്ധമായി പിരിച്ച ഉദ്യോഗസ്ഥർക്ക് പിഴശിക്ഷ

വൈദ്യുതി വിതരണത്തെ സംബന്ധിക്കുന്ന ചട്ടങ്ങളും വ്യവസ്ഥകളും ലംഘിച്ചതിന് രണ്ട് വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥർക്കെതിരെ, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ പിഴ ശിക്ഷയ്ക്ക് ഉത്തരവിട്ടു. വെഞ്ഞാറമൂട് വൈദ്യുതി സെക്ഷൻ ഓഫീസിലെ സീനിയർ സൂപ്രണ്ട് ആർ. രവീന്ദ്രൻ 15,000 രൂപയും സബ് എഞ്ചിനിയർ ഇൻചാർജ്ജ് എ.എം. ഹാഷിം 2,000 രൂപയുമാണ് പിഴ അടയ്ക്കേണ്ടത്.

വൈദ്യുതി വിതരണച്ചട്ടവും, വ്യവസ്ഥകളും ലംഘിച്ച് സെക്ഷൻ ഓഫീസ് പരിധിയിലെ ചില ഉപഭോക്താക്കളിൽ നിന്ന് അധിക സുരക്ഷാ നിക്ഷേപം (Addl. Cash Deposit – ACD) പിരിച്ചതിനാണ് പിഴ ഒടുക്കാൻ ഉത്തരവായത്. അധിക സുരക്ഷാനിക്ഷേപത്തിന്, 30 ദിവസത്തെ പ്രത്യേക നോട്ടീസ് നല്കണമെന്നാണ് വ്യവസ്ഥ. ഈ വ്യവസ്ഥയുടെ ലംഘനവും ചില ഉപഭോക്താക്കളിൽ നിന്ന് നിയമാനുസൃതമല്ലാതെ കൂടുതൽ തുക ഈടാക്കിയതായും കമ്മിഷൻ ക ത്തി. പ്രത്യേക നോട്ടീസ് നല്കുന്നതിനു പകരം പതിവ് വൈദ്യുതി ബില്ലിൽ 'കുടിശ്ശിക' എന്നു രേഖപ്പെടുത്തി എ.സി.ഡി പിരിക്കുന്നതായി കമ്മിഷനു ലഭിച്ച പരാതിയെ തുടർന്നായിരുന്നു കമ്മിഷന്റെ തെളിവെടുപ്പും നടപടിയും.

പിഴ ഉദ്യോഗസ്ഥർ സ്വന്തം നിലയിൽ ഒടുക്കണമെന്നാണ് കമ്മിഷൻ നിർദ്ദേശിച്ചിട്ടുള്ളത്.

സെക്രട്ടറി

KSERC/PR/06/2011